# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 154      04.11.2019-ലെ മറുപടിക്ക്

## <u>നെതർലാന്റ്സുമായുള്ള സഹകരണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കാരാട്ട് റസാഖ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള പുനർനിർമ്മാണ പ്രക്രിയയുടെ ഭാഗമായി ജലവിനിയോഗം, പ്രളയ പ്രതിരോധം, കൃഷി തുടങ്ങിയ മേഖലകളിൽ നെതർനാന്റ്സിനുള്ള വൈദഗ്ധ്യം കണക്കിലെടുത്ത് സഹകരണ സാധ്യത തേടി മുഖ്യമന്ത്രി നടത്തിയ സന്ദർശനത്തെത്തുടർന്ന് നെതർലാന്റ്സ് രാജാവ് കേരളം സന്ദർശിച്ചത് വ്യാപാര ബന്ധവും പുനർനിർമ്മാണ പ്രവർത്തനങ്ങളിലെ സഹകരണവും മെച്ചപ്പെട്ടുത്താൻ സഹായകരമായിട്ടുണ്ടോ ; | (എ) ഡച്ച് രാജാവും രാജ്ഞിയും ഒക്ടോബർ 17,18 തീയതിയിൽ കുട്ടനാടും കൊച്ചിയും സന്ദർശിക്കുകയുണ്ടായി. ഇതോടൊപ്പം ജലവിഭവം, മാരിടൈം ഡെവലപ്പ്മെന്റ്, ഇൻലാൻഡ് നാവിഗേഷൻ തുടങ്ങിയ മേഖലകളിൽ പ്രാതിനിധ്യം ഉള്ള ഡച്ച് വിദഗ്ധരും സ്ഥാപനങ്ങളും പങ്കെടുത്ത ബിസിനസ് മീറ്റ് 17,18 തീയതികളിൽ നടക്കുകയുണ്ടായി. വിവിധ മേഖലകളിൽ ഡച്ച് വിദഗ്ധരുടെ സാങ്കേതിക സഹകരണം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇതുമൂലം ഉണ്ടായിട്ടുണ്ട്. ജലവിഭവം, തീരദേശ സംരക്ഷണം തുടങ്ങിയ മേഖലകളിൽ വിദഗ്ധരായ ഡച്ച് ഡിസാസ്റ്റർ റിഡക്ഷൻ ടീമിലെ അംഗങ്ങളുടെ സേവനം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്നതിന് ലഭ്യമാണ്. ഭാവിയിൽ വിവിധ മേഖലകളിലെ സാങ്കേതിക സഹകരണത്തിനും വ്യാപാര ബന്ധം മെച്ചപ്പെടുത്തുന്നതിനും സന്ദർശനം സഹായകരമാകും. |
| (ബി) നെതർലാന്റ്സുമായുള്ള സഹകരണത്തിന്റെ ഭാഗമായി ആ രാജ്യത്ത് നേഴ്സുമാർക്കുള്ള തൊഴിലവസരങ്ങൾ തുറന്നുകിട്ടാനുള്ള സാധ്യത | (ബി) നെതർലാന്റ്സുമായുള്ള സഹകരണത്തിന്റെ ഭാഗമായി ആ രാജ്യത്ത് നേഴ്സുമാർക്കുള്ള തൊഴിലവസരങ്ങൾ തുറന്നുകിട്ടാനുള്ള സാധ്യത പരിശോധിച്ചിരുന്നു. നെതർലാന്റ് |

പരിശോധിച്ചിരുന്നോ;

അംബാസഡർ ശ്രീ. മാർട്ടൺ വാൻ ഡെൻ ബർഗിന് ചീഫ് സെക്രട്ടറി ഇത് സംബന്ധിച്ച് കത്ത് എഴുതിയിരുന്നു. ഇതിലേക്കായി തുടർനടപടികൾ സ്വീകരിക്കുന്ന തിനായി ശ്രീ.പുനിത്കുമാർ ഐ.എ.എസ്., റെസിഡന്റ് കമ്മീഷണർ, കേരളഹൗസ്, ന്യൂഡൽഹി; ശ്രീ.ഹരികൃഷ്ണൻ നമ്പൂതിരി, നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരെയും ചുമതലപ്പെടുത്തിട്ടുണ്ട്.

(സി) നോർക്ക റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗം നിലവിൽ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) പ്രവാസത്തിനൊരുങ്ങുന്നവർക്ക് വിദേശരാജ്യങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് നോർക്ക റൂട്ട്സ് സഹായിക്കുന്നു. ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ്, ഹൗസ് മെയിഡ് എന്നീ വിഭാഗങ്ങളിൽ നോർക്ക വഴി വിദേശ റിക്രൂട്ട്മെന്റ് നടത്തുന്നു. ജി.സി.സി. രാജ്യങ്ങളി ലേക്കുപരി എൻ.എച്ച്.എസ്. ഫൗണ്ടേഷൻ ഇംഗ്ലണ്ടിലേക്കും റിക്രൂട്ട്മെന്റുകൾ നടത്തുന്നുണ്ട്. നോർക്കയുടെ ആഭിമുഖ്യത്തിൽ 2015 മെയ് മാസത്തിന് ശേഷം സൗദി, കുവൈറ്റ്, യു.എ.ഇ., ഒമാൻ, യു.കെ എന്നീ രാജ്യങ്ങളിലായി 1112 നേഴ്സുമാർ, 7 ഡോക്ടർമാർ, 24 ടെക്നീഷ്യൻമാർ, 283 ഹൗസ് മെയ്ഡുമാർ എന്നിവരെ അയച്ചിട്ടുണ്ട്.

(ഡി) നെതർലാന്റ്സ് ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലെ അവസരങ്ങൾ കൂടി പ്രയോജനപ്പെട്ടു ത്താവുന്ന തരത്തിൽ റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ?

(ഡി) നെതർലാന്റ്, ജർമ്മനി ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലെ സാദ്ധ്യമായ മേഖലകളിലെ തൊഴിൽ അവസരങ്ങൾ കൂടി പ്രയോജനപ്പെട്ടു ത്തുന്നതിനുള്ള നടപടികൾ ആലോചിക്കുന്നതാണ്. ഇതിനകം ഇംഗ്ലണ്ടിലെ എൻ.എച്ച്.എസ്. ഫൗണ്ടേഷനിലേക്കും നോർക്ക റൂട്ട്സ് വഴി റിക്രൂട്ട്മെന്റ് ആരംഭിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ